**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3974** **27-10-2021 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടൽ മാതൃകയിൽ കൂടുതൽ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ വി ജോയി,<br>ശ്രീ. എച്ച്. സലാം** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒരു നേരത്തെ ആഹാരമെങ്കിലും കഴിക്കാനില്ലാത്തവർക്കായി വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സുഭിക്ഷ ഹോട്ടൽ മാതൃകയിൽ കൂടുതൽ സ്ഥാപനങ്ങൾ സമൂഹത്തിലെ നിരാലംബർക്കായും അഗതികൾക്കായും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ്, നെടുമങ്ങാട് ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി, ചെങ്ങന്നൂർ കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ, മീനച്ചൽ, പാലക്കാട് ജില്ലയിൽ ആലത്തൂർ, തൃശ്ശൂർ ജില്ലയിൽ ചാലക്കുടി, തൃശ്ശൂർ കോർപ്പറേഷൻ, മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ ടി പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു. മറ്റു നിയോജക മണ്ഡലങ്ങളിലും ടി പദ്ധതി ഉടൻ ആരംഭിയ്ക്കുന്നതിന് ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ